## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 36

09.02.2016- ൽ മറുപടിക്ക്

## കൺസ്യൂമർഫെഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ.രാജേഷ്<br>,, പുരുഷൻ കടലുണ്ടി<br>,, സി.കെ.സദാശിവൻ<br>,, പി.ടി.എ.റഹീം | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കൺസ്യൂമർഫെഡ് മുഖേന പൊതുവിപണിയേക്കാൾ 20% വില കുറച്ച് സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) കൺസ്യൂമർഫെഡ് മുഖേന പൊതു വിപണിയേക്കാൾ 20% വില കുറച്ച് സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർ ഫെഡറേഷന്റെ നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്തു വന്നിരുന്ന പദ്ധതി നിലവിലെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇപ്പോൾ ഫെഡറേഷൻ നിർത്തിവച്ചിരിക്കുകയാണ്. എന്നിരുന്നാലും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഉപഭോക്താക്കൾക്ക് കൺസ്യൂമർ ഫെഡറേഷൻ മുഖേന സാധനങ്ങൾ വിതരണം ചെയ്യുന്നത്. എന്നാൽ വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സവ സീസണുകളിൽ, പൊതുവിപണിയേക്കാൾ വില കുറച്ച് സപ്ലൈകോ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. |
| (ബി) ഉത്സവ സീസണുകളിലടക്കം സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ | (ബി) ഉത്സവ സീസണുകളിൽ കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഹകരണ സംഘങ്ങളുടെ കീഴിലുള്ള |

(--2)

സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

നീതി സ്റ്റോറുകൾ എന്നിവ മുഖേന പൊതുവിപണി വിലയേക്കാൾ വില കുറച്ച് സപ്ലൈകോ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തുന്നതിന് കൺസ്യൂമർ ഫെഡറേഷനെ സജ്ജമാക്കാൻ സാദ്ധ്യമായിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ സജീവമായത് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ട്.
നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ഉപഭോക്താക്കൾക്ക് നൽകുന്നതിന്, പ്രത്യേകിച്ച് ഉത്സവ കാലങ്ങളിൽ വിലക്കയറ്റം വളരെയധികം രൂക്ഷമാകുന്ന കാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ 10% മുതൽ 20% വരെ വില കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിലൂടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

ഡി) അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതകളും തടയുന്നതിൽ നിസ്സംഗത കാണിച്ചതാണ് കൺസ്യൂമർ ഫെഡിന്റെ തകർച്ചയ്ക്ക് കാരണമായതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

(ഡി) ഇത്തരത്തിലുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ